(എ) ഈ ഗവൺമെന്റിന്റെ കാലത്ത് സംസ്ഥാനത്ത് ഏറ്റവും കൂടുതൽ അക്രമങ്ങൾ ഉണ്ടായിട്ടുള്ള ജില്ലയും നിയോജകമണ്ഡലവും ഏതാണ്;

(ബി) ഇക്കാലത്ത് ഏറ്റവും കൂടുതൽ കൊലപാതകങ്ങൾ, അക്രമങ്ങൾ മൂലമുള്ള അംഗഭംഗം സംഭവിക്കൽ, സമാധാന ലംഘനങ്ങൾ എന്നിവ ഉണ്ടായ ജില്ലയും നിയോജകമണ്ഡലവും ഏതാണ്;

(സി) ഏറ്റവും കൂടുതൽ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യപ്പെട്ട ജില്ലയും നിയോജകമണ്ഡലവും ഏതാണ്?

ഉത്തരം

(എ) കൊല്ലം ജില്ല. കൊട്ടാരക്കര നിയോജകമണ്ഡലം.

(ബി) ഏറ്റവും കൂടുതൽ കൊലപാതകങ്ങൾ കൊല്ലം ജില്ലയിലും ഉടുമ്പൻചോല നിയോജകമണ്ഡലത്തിലുമാണ്. അക്രമംമൂലമുള്ള അംഗഭംഗം ഏറ്റവും കൂടുതൽ ഉണ്ടായത് കണ്ണൂർ ജില്ലയിലും കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലുമാണ്. സമാധാന ലംഘനങ്ങൾ ഏറ്റവും കൂടുതൽ കൊല്ലം ജില്ലയിലും കൊട്ടാരക്കര നിയോജകമണ്ഡലത്തിലാണ്.

(സി) തൃശൂർ ജില്ല. നെയ്യാറ്റിൻകര നിയോജകമണ്ഡലം.

**102 (120) പയ്യാവൂർ പഞ്ചായത്തിലെ ബാലറ്റ് പേപ്പറുകൾ നശിപ്പിച്ച സംഭവം**

ശ്രീ.കെ.പി.വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ :

(എ) ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠപുരം (എസ്.ഇ.എസ്.) കോളേജിലുള്ള കൗണ്ടിംഗ് സെന്ററിൽ വച്ച് പയ്യാവൂർ പഞ്ചായത്തിലെ യു.ഡി.എഫ്. സ്ഥാനാർത്ഥി സാജു സേവ്യറിന്റെ ബാലറ്റ് പേപ്പറുകൾ നശിപ്പിച്ച സംഭവം ഉണ്ടായിട്ടുണ്ടോ; ഇതു സംബന്ധിച്ച് പോലീസ് കേസ് രജിസ്റ്റർ ചെയ്തോ;

(ബി) എങ്കിൽ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തത്;

(സി) കേസ്സിലെ പ്രതികൾ ആരെല്ലാമാണ്;

(ഡി) അന്വേഷണത്തെ തുടർന്ന് കേസ് രജിസ്റ്റർ ചെയ്ത വകുപ്പുകളിൽ വല്ല മാറ്റവും വരുത്തിയിട്ടുണ്ടോ; വരുത്തിയെങ്കിൽ ഇതനുസരിച്ച് കേസ് ചാർജ്ജ് ചെയ്തോ;

(ഇ) ഇല്ലെങ്കിൽ കാരണമെന്താണ്?

ഉത്തരം

(എ, ബി) പഞ്ചായത്ത് റിട്ടേണിംഗ് ആഫീസറുടെ പരാതിയുടെ അടിസ്ഥാനത്തിൽ ശ്രീകണ്ഠപുരം പോലീസ് സ്റ്റേഷനിൽ ഇക്കാര്യത്തിന് ക്രൈം നമ്പർ 176/2000 യു.എസ്, 395 ഐ.പി.സി. സെക്ഷൻ 78 ആർ/ഡബ്ലിയു. 138 ഓഫ് കേരള പഞ്ചായത്ത് രാജ് ആക്ട് 1994 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചു വരുന്നു.

(സി) പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി, ഇ) വകുപ്പുകളിൽ മാറ്റം വരുത്തിയിട്ടില്ല.

**103 (121) ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിലെ അക്രമം**

ശ്രീ.കെ.പി.വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ :

(എ) ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിനെ തുടർന്ന് കണ്ണൂർ ജില്ലയിൽ ഇരിക്കൂർ പോലീസ് സ്റ്റേഷൻ അതിർത്തിയിലുള്ള മലപ്പട്ടം പഞ്ചായത്തിലെ സ്വതന്ത്ര സ്ഥാനാർത്ഥിയായിരുന്ന സി.പി. അരവിന്ദന്റെ വാഴക്കൃഷിയും വസ്തുവകകളും നശിപ്പിച്ചതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉദ്ദേശം എത്ര രൂപയ്ക്കുള്ള നാശനഷ്ടവും സംഭവിച്ചതായിട്ടാണ് കണക്കാക്കുന്നത്;

(സി) കേസിലെ പ്രതികൾ ആരെല്ലാമാണ്;

(ഡി) പ്രസ്തുത പരാതിയിന്മേൽ എന്തു മേൽ നടപടികൾ സ്വീകരിച്ചുവെന്നും കേസ് ചാർജ്ജ് ചെയ്തുവെങ്കിൽ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് ചാർജ്ജ് ചെയ്തതെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി, ഡി) കേസന്വേഷണം നടന്നു വരികയാണ്. അന്വേഷണം പൂർത്തിയായാലേ യഥാർത്ഥ നാശനഷ്ടം മുഴുവൻ പ്രതികളുടെയും പേരുകളും വ്യക്തമാകൂ.

**104 (122) ബലാൽസംഗങ്ങൾ**

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര ബലാൽസംഗങ്ങൾ നടന്നു; അതിൽ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെടുന്നവർ ഉൾക്കൊള്ളുന്ന ബലാൽസംഗങ്ങൾ എത്ര;

(ബി) ഈ കാലഘട്ടത്തിൽ 5 വയസ്സിനു താഴെയും അഞ്ചു വയസ്സു മുതൽ പത്തു വയസ്സു വരെയും പതിനൊന്നു വയസ്സു മുതൽ പതിനെട്ടു വയസ്സുവരെയും 19 വയസ്സു മുതൽ 30 വയസ്സു വരെയും, 31 വയസ്സു മുതൽ 60 വയസ്സു വരെയും, 61 വയസ്സു മുതൽ 80 വയസ്സു വരെയും പ്രായമുള്ള സ്ത്രീകൾ ഉൾപ്പെടുന്ന എത്ര വീതം ബലാൽസംഗം നടന്നുവെന്ന് പറയുമോ?

ഉത്തരം

(എ) ബലാൽസംഗം ചെയ്തതായി 2314 പരാതികൾ ലഭിക്കുകയും അതിൻമേൽ കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. അതിൽ 526 പരാതികൾ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട സ്ത്രീകളിൽ നിന്നാണ്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly